ഉത്തരം

(എ, ബി) ഉണ്ട്.

(സി) 1961-ലെ സ്ത്രീധന നിരോധന നിയമം പുനരാവിഷ്കരിച്ചു നടപ്പാക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ 499/97-ാം നമ്പർ റിട്ട് പെറ്റീഷനിലെ വിധി ന്യായം ഉണ്ടാകുന്നതിനു മുൻപുതന്നെ, 7-7-2004-ലെ (പി) 47/2004/സാ.ക്ഷേ.വ. നമ്പർ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഡൗറി പ്രൊഹിബിഷൻ ആക്ട് ചട്ടം 7 (4) എ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ വിവാഹത്തിനുശേഷം സ്ത്രീധനം വാങ്ങിയിട്ടില്ല എന്ന പ്രസ്താവന വകുപ്പദ്ധ്യക്ഷനു നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ത്രീധന പ്രശ്നങ്ങളെക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കാൻ മൂന്ന് ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

13 [775] ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

സുനാമി ദുരന്തത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സുനാമിക്കുശേഷം സുനാമി ദുരിത ബാധിതരുടെ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾക്കും മറ്റുള്ളവർക്ക് ചികിത്സാ ധന സഹായം നൽകുന്നതിനും അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക് ആശ്വാസസഹായം നൽകുന്നതിനും മറ്റുമായി 39,68,63 684 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചിട്ടുണ്ട്.

കൺസൾട്ടൻസികൾക്കായി ചെലവായ തുക

14 [776] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വകുപ്പുകളിൽ വികസന പ്രവർത്തനത്തക്കുറിച്ച് പഠിക്കുന്നതിനും, ഭരണ നവീകരണവുമായി ബന്ധപ്പെട്ടും എത്ര കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ഏതൊക്കെ വകുപ്പുകളിലാണെന്നും ഏതെല്ലാം കൺസൾട്ടൻസികളെ ആണെന്നും വ്യക്തമാക്കാമോ;

(സി) ഇത് ഓരോന്നിനും നാളിതുവരെ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly